കരാറുകാർക്കുള്ള കുടിശ്ശിക

11 (*190)ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ കൊടുത്തുതീർക്കാനുള്ള പണം നൽകാത്തതിൽ പ്രതിഷേധിച്ച് കരാറുകാർ ജൂൺ 1 മുതൽ ടെൻഡറുകൾ ബഹിഷ്കരിച്ച് സമരത്തിലാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) കരാറുകാർ അവരുടെ സമരം പിൻവലിച്ചിട്ടുണ്ട്. കുടിശ്ശിക ഭാഗികമായി തീർക്കുന്നതിന് അധിക തുക ഈ വർഷം തന്നെ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഊർജ്ജ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

12 (*191)ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ വികസനം മെച്ചപ്പെടുത്തുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വൈദ്യുതി ഉൽപ്പാദനത്തിനുവേണ്ടി കേന്ദ്രാനുമതിക്കായി എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവ ഓരോന്നും ഏതെല്ലാം കാലഘട്ടത്തിൽ സമർപ്പിച്ചതാണെന്ന് പറയുമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനകം അനുമതി ലഭിച്ചിട്ടുണ്ടെന്ന് പറയുമോ; അനുമതി ലഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) കേന്ദ്രാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത് എന്നാണ്;

(എഫ്)അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നു; എന്നത്തേയ്ക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഊർജ്ജവികസനം മെച്ചപ്പെടുത്തുന്നതിനായി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

നാല് ചെറുകിട ജലവൈദ്യുത പദ്ധതികൾ ബോർഡ് നേരിട്ടും നാല് പദ്ധതികൾ സ്വകാര്യമേഖലയിലും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബോർഡ് നേരിട്ടുനടത്തുന്ന പദ്ധതികൾ

മലമ്പുഴ	2.3 മെഗാവാട്ട് / 5.6 മില്യൺ യൂണിറ്റ്
മലങ്കര	10.5 മെഗാവാട്ട് / 65 മില്യൺ യൂണിറ്റ്
കുറ്റ്യാടി ടെയിൽറേസ്	3.75 മെഗാവാട്ട് / 15 മില്യൺ യൂണിറ്റ്
കുറ്റ്യാടി എക്സ്റ്റൻഷൻ	50 മെഗാവാട്ട് /75 മില്യൺ യൂണിറ്റ്

സ്വകാര്യമേഖലയിൽ നടത്തുന്ന പദ്ധതികൾ

കുത്തുങ്കൽ	21 മെഗാവാട്ട് / 79 മില്യൺ യൂണിറ്റ്
ഉള്ളുങ്കൽ	7 മെഗാവാട്ട് / 34 മില്യൺ യൂണിറ്റ്
കാരിക്കയം	15 മെഗാവാട്ട് / 72.7 മില്യൺ യൂണിറ്റ്
ഭൂതത്താൻകെട്ട്	16 മെഗാവാട്ട് / 61.5 മില്യൺ യൂണിറ്റ്

ചൈനീസ് സാങ്കേതിക സഹായത്തോടെ 18 ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ നാല് പദ്ധതികൾ പൈലറ്റ് പ്രോജക്ടായി ഈ വർഷംതന്നെ പണി തുടങ്ങാൻ കഴിയും.

ബോർഡ് നേരിട്ട് 8 ചെറുകിട ജലവൈദ്യുതപദ്ധതികൾ 1999-2000-ലും 4 ചെറുകിട ജലവൈദ്യുത പദ്ധതികൾ 2000-2001-ലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

1999-2000-ൽ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ

1.	ബാരപ്പോൾ	9 മെഗാവാട്ട് / 26.23 മില്യൺ യൂണിറ്റ്
2.	ലാഡ്രം	3.5 മെഗാവാട്ട് / 10.468 മില്യൺ യൂണിറ്റ്
3.	ചെങ്കുളം ടെയിൽറേസ്	4.5 മെഗാവാട്ട് / 12.57 മില്യൺ യൂണിറ്റ്
4.	ചീമേനി	2.5 മെഗാവാട്ട് /6.5 മില്യൺ യൂണിറ്റ്
5.	പീച്ചി	1.5 മെഗാവാട്ട് / 4.6 മില്യൺ യൂണിറ്റ്
6.	അടയ്ക്കാത്തോട്	2.5 മെഗാവാട്ട് / 7.7 മില്യൺ യൂണിറ്റ്
7.	പശുക്കടവ്	2.5 മെഗാവാട്ട് / 4.61 മില്യൺ യൂണിറ്റ്
8.	കൊയമുള്ളു	2.00 മെഗാവാട്ട് / 4.81 മില്യൺ യൂണിറ്റ്

ജില്ലാ പഞ്ചായത്തുകൾ മുഖാന്തിരം താഴെപ്പറയുന്ന നാല് ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതി പഞ്ചായത്തുകൾക്ക് അനുവദിച്ച് നടപടികൾ നടന്നു വരുന്നു.

1.	പാലക്കാട് ജില്ലാ പഞ്ചായത്ത് മീൻവല്ലം പദ്ധതി	2.4 മെഗാവാട്ട് /10 മില്യൺ യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

2. കണ്ണൂർ ജില്ലാ പഞ്ചായത്ത് കലങ്കി പദ്ധതി	1 മെഗാവാട്ട് / 2.7 മില്യൺ യൂണിറ്റ്
3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് - അരിപ്പാറ	3 മെഗാവാട്ട്/8.776 മില്യൺ യൂണിറ്റ്
4. മലപ്പുറം ജില്ലാ പഞ്ചായത്ത്, ആഢ്യൻപാറ	2.5 മെഗാവാട്ട്

വൻകിട ജലവൈദ്യുത പദ്ധതി

പണി നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

അതിരപ്പിള്ളി (163 മെഗാവാട്ട്), കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാവാട്ട്) എന്നിവയുടെ നിർമ്മാണം 2005-ാമാണ്ടോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മാനന്തവാടി വിവിധോദ്ദേശ പദ്ധതി (225 മെഗാവാട്ട്), പൂയംകുട്ടി (240 മെഗാവാട്ട്), കാരപ്പാറ-കുരിയാർകുറ്റി (84 മെഗാവാട്ട്), പാമ്പാർ (35 മെഗാവാട്ട്) പമ്പ അച്ചൻകോവിൽ (60 മെഗാവാട്ട്), കേരള ഭവാനി (150 മെഗാവാട്ട്) തുടങ്ങിയ പദ്ധതികളുടെ കേന്ദ്രാനുമതി ലഭിക്കുവാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ താപവൈദ്യുത നിലയങ്ങളായ കണ്ണൂർ പവർ പ്രോജക്ട് (513 മെഗാവാട്ട്) കൊച്ചിൻ റിഫൈനറി (500 മെഗാവാട്ട്) സിയാസിൻ എനർജി (679 മെഗാവാട്ട്) എന്നിവയും 2002-2005 കാലഘട്ടത്തിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. 128 മെഗാവാട്ട് സ്ഥാപിതശേഷിയോടുകൂടിയ കോഴിക്കോട് താപ നിലയത്തിന്റെ പണി പുരോഗമിച്ചുവരുന്നു.

(ബി) വിവിധ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

കുര്യാർകുട്ടി-കാരപ്പാറ	-	84 മെഗാവാട്ട് - 2/96-ൽ
പൂയംകുട്ടി	-	240 മെഗാവാട്ട് - 1984-ൽ
പാമ്പാർ	-	35 മെഗാവാട്ട് - 1989-ൽ

സ്വകാര്യ മേഖലയിലുള്ള പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നത് അതാത് സ്വകാര്യ സംരംഭകരാണ്.

മാനന്തവാടി, കേരള-ഭവാനി എന്നീ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചെങ്കിലും അന്തർ സംസ്ഥാന ജലതർക്കം പരിഹരിച്ചതിനുശേഷം വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിക്ക് പരിസ്ഥിതി ക്ലിയറൻസ് നേടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുര്യാർകുട്ടി-കാരപ്പാറ, പൂയംകുട്ടി, പാമ്പാർ എന്നീ ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. സിയാസിൻ എനർജി ലിമിറ്റഡിന് സാങ്കേതിക സാമ്പത്തിക അനുമതി ലഭിച്ചു.

(ഡി) കേന്ദ്രാനുമതി ലഭിച്ച അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ടേൺ കീ വ്യവസ്ഥയിൽ പണി നടത്തുന്നതിലേയ്ക്ക് ആഗോള ടെണ്ടർ വിളിക്കുന്നതിന്റെ പ്രാരംഭമായി പ്രീകാളിഫിക്കേഷൻ കഴിഞ്ഞ് മേൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സിയാസിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഫിനാൻഷ്യൽ ക്ലോഷർ അച്ചീവ് ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുവരുന്നു. ഈ നടപടികൾ പൂർത്തിയായശേഷം 27-33 മാസങ്ങൾക്കകം സിയാസിനും 15 മാസത്തിനകം കാസർഗോഡ് പവർ കോർപ്പറേഷനും പദ്ധതികൾ നടപ്പാക്കാനാകുമെന്ന് ടി സ്വകാര്യ സംരംഭകർ അറിയിച്ചിട്ടുണ്ട്. ഡി.സി.ഇ.ഡി.എൽ. 107 മെഗാവാട്ട് പദ്ധതിയുടെ പ്രവർത്തനം കാസർഗോഡുള്ള മൈലാടിയിൽ ആരംഭിച്ചിട്ടുണ്ട്.

(ഇ) കേന്ദ്രാനുമതി ലഭിച്ച അതിരപ്പിള്ളി പദ്ധതിയ്ക്ക് 1/98-ൽ പരിസ്ഥിതി ക്ലിയറൻസും 12/97-ൽ ഫോറസ്റ്റ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്.

(എഫ്) അതിരപ്പിള്ളി പദ്ധതി ഇപ്പോൾ ടെണ്ടർ സ്റ്റേജിലാണ്. 2005-ാമാണ്ടോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

വനിതാ പ്രാഥമിക സഹകരണ സംഘങ്ങൾ

13 (*192)ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വനിതാ പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) വനിതാ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ എണ്ണം എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വനിതാ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് വനിതാ പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇനിയും സംഘങ്ങൾ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 144 വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	23
കൊല്ലം	-	9
പത്തനംതിട്ട	-	2
ആലപ്പുഴ	-	2
കോട്ടയം	-	9
ഇടുക്കി	-	7
എറണാകുളം	-	2
തൃശ്ശൂർ	-	10

LIBRARY ARCHIVES Kerala Legislative Assembly